LIBRARY ARCHIVES Kerala Legislative Assembly

പ്രീജയുടെ ഭർത്താവ് വിദേശത്ത് ജോലി ചെയ്യുകയാണ്. പ്രീജയുടെ മൊബൈൽ ഫോൺ കോൾ വിവരങ്ങളെപ്പറ്റി സൈബർ സെൽ മുഖേന അന്വേഷണം നടത്തിയതിൽ മരിക്കുന്നതിനുമുമ്പ് ചോഴിയക്കോട് കല്ലുകഴി വീട്ടിൽ വിജയൻ മകൻ നിജിൻ 23 വയസ്, എന്ന ആൾ തന്റെ മൊബൈൽ ഫോണിൽ നിന്നും നിരവധി തവണ പ്രീജയെ വിളിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ തെളിവിന്റെയും മറ്റ് സാക്ഷിമൊഴികളുടെയും അടിസ്ഥാനത്തിൽ നിജിനെ പ്രതിയാക്കി ഐ.പി.സി. 306-ാം വകുപ്പ് ചേർത്ത് അന്വേഷണം നടത്തി ബഹുമാനപ്പെട്ട പുനലൂർ ജെ.എഫ്.സി.എം. കോടതി മുമ്പാകെ റപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രതി ഒളിവിൽ പോയതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇയാൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷയിൽ അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ കീഴടങ്ങണമെന്ന നിർദ്ദേശത്തോടുകൂടി പ്രതിക്ക് ജാമ്യം നിരസിച്ചിട്ടുള്ളതാണ്. അന്വേഷണത്തിൽ പ്രീജ മേൽപ്പറഞ്ഞ നിജിനുമായി എങ്ങനെയോ അടുപ്പത്തിലാവുകയും നിരന്തരം ഫോണിലും മറ്റും ബന്ധം പുലർത്തിവരവെ നിജിനുമായി കലഹിച്ചതിന്റെ പേരിൽ തൂങ്ങിമരിച്ചതാണെന്നാണ് പ്രാഥമികമായി വെളിവായിട്ടുള്ളത്. പ്രീജയുടെ അയൽവാസിയായ അനിയൻകുഞ്ഞ് എന്ന വ്യക്തിക്ക് മരണത്തിൽ എന്തെങ്കിലും പങ്കുള്ളതായി ഇതുവരെ തെളിവ് ലഭിച്ചിട്ടില്ല. പോലീസ് ഇതുസംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തിവരികയാണ്.

(8) പോലീസ് സേനയിലെ സംഘടനാ സ്വാതന്ത്ര്യം

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, പോലീസ് സേനയിലെ സംഘടനാ സ്വാതന്ത്ര്യത്തിന്റെ പേരിൽ ഉണ്ടാകുന്ന അസ്വാരസ്യങ്ങളെ സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പോലീസിന്റെ സംഘടനാ സ്വാതന്ത്ര്യം ജനാധിപത്യത്തിന്റെ വികാസത്തിന്റെ ഭാഗമായിട്ടാണ് ആരംഭിച്ചത്. അത് കക്ഷിരാഷ്ട്രീയ വൽക്കരണം, പക്ഷഭേദം, സ്വജനപക്ഷപാതം എന്നിവയാകാൻ പാടില്ല. ചേരിതിരിവോ രാഷ്ട്രീയ കക്ഷികളുടെ ഭാഗമോ ആകാനും പാടില്ല. സ്വതന്ത്രവും നിഷ്പക്ഷവുമാണ് പരിഷ്കൃതമായ പോലീസിന്റെ നേതൃത്വം. എന്നാൽ ഇന്ന് ആ സ്ഥിതി കേരളത്തിൽ മാറിയിരിക്കുകയാണ്. ആഭ്യന്തര വകുപ്പുമന്ത്രി ധാരാളം നല്ല കാര്യങ്ങൾ ചെയ്യാൻ പരിശ്രമിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അറിവോടുകൂടിയാണോ നടക്കുന്നതെന്നറിയില്ല. പോലീസ് അസോസിയേഷൻ കേരളത്തിലെ ഗവൺമെന്റിന്റെ രാഷ്ട്രീയ നേതൃത്വം നടത്തുന്ന സംഘടനയുടെ പോഷക സംഘടനയായിട്ടാണ് പ്രവർത്തിക്കുന്നത്. സ്ഥലം മാറ്റത്തിന് യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

മാനദണ്ഡവുമില്ല. പോലീസുകാർക്ക് സ്വന്തം സ്റ്റേഷനിലും ഭാര്യയുടെ സ്റ്റേഷൻ പരിധിയിലും ജോലി ചെയ്യാൻ പാടില്ല. എസ്.ഐ., സി.ഐ.-മാർക്കും ഇത്തരത്തിൽ ജോലി ചെയ്യാൻ പാടില്ല. 'കാപ്പ' അടിസ്ഥാനത്തിൽ ആളുകളെ നാട് കടത്തുന്നതുപോലെ പോലീസുകാരേയും നാട് കടത്തുന്ന അവസ്ഥയാണ്. എന്നാൽ ഇത് എല്ലാവർക്കും ബാധകമല്ല. സി.ആർ. ബിജു, ചന്ദ്രശേഖരൻ നായർ, ജിജു സി. നായർ, സജീർ എന്നിവർ മുൻ ഭാരവാഹികളായിരുന്നു. ഫേസ് ബുക്കിൽ ടാഗ് ചെയ്തുവെന്നതിന്റെ പേരിൽ നടപടി സ്വീകരിച്ചു. എ.സി.പി. അന്വേഷണം നടത്തി നിയമവിരുദ്ധമായ പരാതിയാണെന്ന് കണ്ടെത്തിയിട്ടും നടപടി റദ്ദാക്കിയില്ല. അതേസമയം രാഷ്ട്രീയ പ്രചരണം നടത്തുന്ന ആളുകളുടെ പേരിലും നടപടി സ്വീകരിക്കുന്നില്ല. കേരളത്തിലെ പോലീസ് സഹകരണ സംഘങ്ങൾ തിരുവനന്തപുരവും കണ്ണൂരും പിടിച്ചെടുത്തു. മനോജ് എബ്രഹാം ഐ.പി.എസ്. പ്രസിഡന്റായിട്ടുള്ള സംഘം പിരിച്ചുവിട്ട് കൃത്രിമ കാർഡുകൾ ഉണ്ടാക്കുന്നതായി മാധ്യമങ്ങളിൽ വാർത്ത വരികയാണ്. കേരളത്തിലെ പല സ്ഥലത്തും ജോലിയുള്ള പോലീസുകാർ എറണാകുളത്ത് കേന്ദ്രീകരിച്ച് സഹകരണസംഘം പടിച്ചെടുക്കാൻ ശ്രമിക്കുന്നു. രാഷ്ട്രീയ പാർട്ടികൾക്കിടയിൽ നിലനിൽക്കുന്ന ചേരിതിരിവിന് സമാനമായ ചേരിതിരിവ് പോലീസ് അസോസിയേഷനിൽ വന്നിരിക്കുകയാണ്. ഇത് കേരളത്തിലെ പോലീസ് സേനയുടെ വിശ്വാസ്യതയും പോലീസ് സേനയെ സംബന്ധിച്ച ജനങ്ങളുടെ പ്രതീക്ഷയും തകർത്തിരിക്കുകയാണ്. ആഭ്യന്തരവകുപ്പുമന്ത്രിയുടെ അറിവോടുകൂടിയായാലും അല്ലെങ്കിലും ഇതവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പോലീസ് അസോസിയേഷൻ പൂർണ്ണമായും രാഷ്ട്രീയമില്ലാത്ത സംഘടനയായി പ്രവർത്തിക്കേണ്ടതാണെന്ന് അസോസിയേഷൻ ചട്ടങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ തന്നെ വ്യക്തമാക്കുന്നുണ്ട്. 1966-ലെ പോലീസ് ഫോഴ്സസ് (റെസ്ട്രിക്ഷൻ ഓഫ് റൈറ്റ്സ്) ആക്ടിന്റെ പരിധിക്കുള്ളിൽ നിന്നാണ് പോലീസ് അസോസിയേഷൻ പ്രവർത്തിച്ചുവരുന്നത്. വിവിധ പോലീസ് അസോസിയേഷനുകൾ പ്രത്യക്ഷമായോ പരോക്ഷമായോ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ മറ്റ് സംഘടനകളുമായി സംയോജിച്ച് പ്രവർത്തിക്കുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് സേനയിലെ വിവിധ തസ്തികകളിൽ പ്രവർത്തിക്കുന്നവരിൽ സാഹോദര്യം, ഐകമത്യം, പരസ്പരധാരണ, അച്ചടക്കം എന്നിവ വളർത്തിയെടുക്കാൻ വേണ്ടിയാണ് പോലീസ് അസോസിയേഷൻ രൂപീകരിച്ചിട്ടുള്ളത്. ബംഗാളിലും കേരളത്തിലും

LIBRARY ARCHIVES Kerala Legislative Assembly

മാത്രമാണ് അസോസിയേഷനുകൾ നിലവിലുള്ളതെന്ന് ഞാൻ ഇന്നലെ ഇവിടെ സൂചിപ്പിച്ച കാര്യമാണ്. ബംഗാളിൽ പുതിയ ഗവൺമെന്റ് വന്നതിനുശേഷം അവർ അസോസിയേഷൻ നിർത്തലാക്കിയിട്ടുണ്ട്. ഇവിടെ നിർത്തലാക്കേണ്ട ആവശ്യകത വന്നിട്ടില്ല. കൂടുതലായി രാഷ്ട്രീയമായ കിടമത്സരം വന്നാൽ അതിനെ നിയന്ത്രിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. സദുദ്ദേശപരമായ കാരണങ്ങളാൽ ആരംഭിച്ച പോലീസ് അസോസിയേഷൻ രാഷ്ട്രീയമായ ചേരിതിരിവിന് വഴിതെളിക്കുന്ന രീതിയിലേക്ക് പോവുകയാണെങ്കിൽ അതിനെ നിയന്ത്രിക്കുന്ന കാര്യം കൂട്ടായി ആലോചിക്കാം. സ്ഥലംമാറ്റത്തിന് ചില നോംസ് വരുത്തിയിട്ടുണ്ട്. ആ നോംസിന്റെ അടിസ്ഥാനത്തിൽ പോലിസുകാർക്ക് അതാത് സ്റ്റേഷനിൽ ജോലി ചെയ്യാൻ പാടില്ല. എസ്.ഐ.-മാർക്ക് അവരുടെ സർക്കിളിൽ ജോലി ചെയ്യാൻ പാടില്ല. അത് പ്രാദേശികമായ പക്ഷപാതപരമായിട്ടുള്ള നിലപാട് സ്വീകരിക്കാതിരിക്കാൻ വേണ്ടിയുള്ള നോംസാണ്. അതിൽ അപാകത ഉണ്ടെന്ന് പറഞ്ഞപ്പോൾ ഭാര്യയുടെ സ്ഥലം എന്നുള്ളത് മാറ്റിയിട്ടുണ്ട്. സ്വന്തം പഞ്ചായത്തിലോ പോലീസ് സ്റ്റേഷൻ പരിധിയിലോ പാടില്ലന്നേയുള്ളൂ. പോലീസ് അസോസിയേഷന്റെ പ്രവർത്തനം നിഷ്പക്ഷവും നീതിപൂർവ്വവുമായി മുന്നോട്ടുപോകണം. ആഭ്യന്തര വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ ആഗ്രഹിക്കുന്നത്, ഒരുതരത്തിലുള്ള ചേരിതിരവും ഉണ്ടാകരുതെന്നുമാത്രമാണ്. മാത്രമല്ല, ജനധിപത്യപരമായ തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ട്. തെരഞ്ഞെടുക്കപ്പെടുന്നവരേയും പരാജയപ്പെടുന്നവരേയും ഒരുപോലതന്നെ ആഭ്യന്തര വകുപ്പും ഗവൺമെന്റും കാണുമെന്ന് പറയാൻ ആഗ്രഹിക്കുന്നു.

11.00 A.M.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. മുരളീധരൻ)

(9) നഷ്ടപരിഹാരം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കേണ്ട ആളുകൾതന്നെ അത് തകർത്തതിനുശേഷം പരിഹാരം കണ്ടില്ലായെന്നുള്ള ഏറ്റവും വേദനാജനകമായ കാര്യം ശ്രദ്ധയിൽപ്പെടുത്താനാണ് എന്റെ ഈ സബ്മിഷൻ. എന്റെ മണ്ഡലത്തിൽ കീഴരിയൂർ ഉറവക്കുന്ന് മലയിലാണ് കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പ് സ്ഥിതി ചെയ്യുന്നത്. ക്യാമ്പിനോട് ചേർന്നാണ് രാജീവ് ഗാന്ധി കോളനിയുള്ളത്. അതുപോലെ ഒട്ടേറെ പട്ടികജാതി സെറ്റിൽമെന്റ് കോളനികളും പാവപ്പെട്ട ആളുകൾ മാത്രം താമസിക്കുന്ന ഒരു കോളനിയുമുണ്ട്. വെറും കശുമാവ് മാത്രം കൃഷിചെയ്യാൻ കഴിയുന്ന, നാലും അഞ്ചും സെന്റ് സ്ഥലം